REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാഷ്ട്രം. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ ഗാന്ധി സമാധിയിൽ പുഷ്പാർച്ചന നടത്തി.**
- **ജനങ്ങൾക്ക് കർത്തവ്യത്തിന്റെ ദൃഢപാതയിൽ സഞ്ചരിക്കാൻ ഗാന്ധിജിയുടെ വ്യക്തിത്വവും പ്രവർത്തനവും എക്കാലവും പ്രചോദനമേകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം തിരുവനന്തപുരത്ത് തുടരുന്നു.**
- **സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് അവസാനിക്കും.**
- **നാളത്തെ ഇന്ത്യാ - ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിന് തിരുവനന്തപുരത്ത് ഒരുക്കങ്ങൾ പൂർത്തിയായി.**

## വാർത്തകൾ വിശദമായി

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ രാജ്യം ആദരാഞ്ജലി അർപ്പിച്ചു. ഡൽഹിയിലെ രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ സർവധർമ്മ പ്രാർത്ഥന നടത്തി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് എന്നിവർ പുഷ്പാർച്ചന നടത്തി.

1948 ജനുവരി 30ന് ന്യൂഡൽഹിയിലെ ബിർള ഹൗസിൽ മഹാത്മാഗാന്ധി കൊല്ലപ്പെട്ട ദിവസമാണ് രക്തസാക്ഷി ദിനമായി ആചരിക്കുന്നത്. സത്യം, അഹിംസ എന്നീ ആദർശങ്ങൾക്കായി ജീവൻ ബലിയർപ്പിച്ച ഗാന്ധിജിയുടെ ഓർമ്മയ്ക്കും, സ്വാതന്ത്ര്യ സമരത്തിൽ പങ്കുവഹിച്ച രക്തസാക്ഷികൾക്കും ആദരാഞ്ജലി അർപ്പിക്കുന്ന ദിവസമാണിന്ന്.

✪✪✪

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തിന്റെ വികസനത്തിനും സ്വാശ്രയത്വത്തിനും അടിസ്ഥാന ശിലയായ സ്വദേശി പ്രസ്ഥാനത്തിന് ബാപ്പുജി ശക്തമായ ഊന്നൽ നൽകിയെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ജനങ്ങൾക്ക് കർത്തവ്യത്തിന്റെ ദൃഢപാതയിൽ സഞ്ചരിക്കാൻ ഗാന്ധിജിയുടെ വ്യക്തിത്വവും പ്രവർത്തനവും എക്കാലവും പ്രചോദനമേകുമെന്ന് നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ആഭ്യന്തരമന്ത്രി അമിത് ഷായും രാഷ്ട്രപിതാവിന് ആദരാഞ്ജലി അർപ്പിച്ചു. ഭാഷ, പ്രദേശം, ജാതി എന്നിവയാൽ വിഭജിക്കപ്പെട്ട രാജ്യത്തെ ബാപ്പുജി ഒന്നിപ്പിച്ചുവെന്നും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് അതിന്റെ വിശാലമായ വ്യാപ്തി നൽകിയെന്നും അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സ്വദേശി, സ്വാതന്ത്ര്യം, ശുചിത്വം എന്നിവയെ ഒറ്റ നൂലിൽ ഇഴ ചേർത്ത് മഹത്തായ രാജ്യം വിഭാവനം ചെയ്തതിൽ ഗാന്ധിജിയുടെ സംഭാവനയെയും കേന്ദ്രമന്ത്രി അനുസ്മരിച്ചു.

✪✪✪

പത്തുവർഷം ഭരിച്ച പിണറായി ഗവണ്മെന്റ് അവരുടെ അവസാന ബജറ്റിലും ജനങ്ങളെ കബളിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേന്ദ്ര പദ്ധതികൾ കേരളത്തിലെ ജനങ്ങളിലേക്ക് എത്താതിരിക്കാൻ ശ്രമിച്ച ഇടതു ഗവൺമെന്റ്, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ കേന്ദ്രത്തെ കുറ്റം പറഞ്ഞ് കേന്ദ്ര പദ്ധതികൾ സ്വന്തം പേരിലാക്കി ബജറ്റിൽ അവതരിപ്പിച്ചിരിക്കുകയാണെന്ന് അദ്ദേഹം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

പ്രതിപക്ഷം അവതരിപ്പിക്കുന്ന വിഷയങ്ങളായിരിക്കും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലെ രാഷ്ട്രീയ അജണ്ടയെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. അതിൽ നിന്ന് വ്യതിചലിക്കാൻ നടത്തുന്ന നീക്കമാണിതെന്നും

നേമത്ത് മത്സരിക്കാമോ എന്ന വി ശിവൻകുട്ടിയുടെ വെല്ലുവിളിയോട് സതീശൻ പ്രതികരിച്ചു.

100 സീറ്റുകളിൽ അധികം നേടാൻ നടത്തുന്ന പോരാട്ടത്തിന്റെ മുഖമായിരിക്കും ശശി തരൂർ MP എന്നും തെരഞ്ഞെടുപ്പിന്റെ മുൻ നിരയിൽ അദ്ദേഹം ഉണ്ടാകുമെന്നും സതീശൻ പറഞ്ഞു.

✪✪✪

കേരളസമൂഹത്തേയും സംസ്കാരത്തേയും സൃഷ്ടിക്കുന്നതിലും പുനഃസൃഷ്ടിക്കുന്നതിലും കേരളീയരായ പ്രവാസികൾക്കും പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതിനാൽ കേരളത്തെ ലോക കേരളമായി പുനർവിഭാവനം ചെയ്യേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിന്റെ രണ്ടാം ദിനം, കേരള സഭാ സമീപന രേഖ സമർപ്പിക്കുകയായിരുന്നു സഭാനേതാവുകൂടിയായ മുഖ്യമന്ത്രി. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, എയർപോർട്ട് ഹെൽപ്പ് ഡസ്ക് ഷെർപ്പ പോർട്ടൽ, ലോക കേരളം ഓണലൈൻ സേവനങ്ങൾ എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഇന്ന് 8 വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകളും 7 മേഖലാ സമ്മേളനങ്ങളും നടത്തും.

നിയമസഭാ മന്ദിരത്തിലെ R ശങ്കരനാരായണൻ തമ്പി ഹാളിലാണ് സമ്മേളനം. 128 രാജ്യങ്ങളിൽ നിന്നും 28 സംസ്ഥാനങ്ങളിൽ നിന്നുമായി 500-ലധികം പ്രവാസി പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് കൂടി. ഓൺലൈനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെയോ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെയോ വെബ്സൈറ്റുകൾ വഴിയോ BLO മാർ വഴിയോ അപേക്ഷകൾ സമർപ്പിക്കാം.

സാധാരണ വോട്ടർമാർക്ക് ഫോം-6 ഉം പ്രവാസി വോട്ടർമാർക്ക് ഫോം - 6 A യും ഉപയോഗിക്കാം.

വോട്ടർ പട്ടികയിൽ നിന്നു പേരു നീക്കം ചെയ്യാൻ 16,007 അപേക്ഷകൾ ലഭിച്ചതായി ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

കേരളം ഉൾപ്പടെ അഞ്ച് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ 25 നിരീക്ഷകരെ നിയമിച്ചു.

✪✪✪

കേരള ഡിസബിലിറ്റി ഫെസ്റ്റിവലിന് കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ തുടക്കമായി. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മാന്യതയും തുല്യനീതിയും ഉറപ്പാക്കുന്ന 'ഉൾച്ചേർക്കപ്പെട്ട സമൂഹം' കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫെബ്രുവരി ഒന്നു വരെ ഫെസ്റ്റിവൽ നടത്തുന്നത്. കോഴിക്കോട് കോർപറേഷൻ ഡെപ്യൂട്ടി മേയർ ഡോ. S. ജയശ്രീ, ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്, മലബാർ ഗ്രൂപ്പ് ചെയർമാൻ MP അഹമ്മദ് എന്നിവർ ചേർന്ന് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു.

സാമൂഹിക സന്നദ്ധ സംഘടനയായ തണലിന്റെയും കേരളത്തിലെ മുപ്പതിലധികം ഭിന്നശേഷിക്കാരുടെ സംഘടനകളുടെയും സംയുക്ത നേതൃത്വത്തിൽ, ജില്ലാ ഭരണകൂടത്തിന്റെയും സാംസ്കാരിക പൗരാവലിയുടെയും പിന്തുണയോടെ നടത്തുന്ന മേളയിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

✪✪✪

തിരുന്നാവായയിലെ കേരള കുംഭമേളയുടെ ഭാഗമായി തവനൂർ ശിവഘാട്ടിൽ മഹാമാഘ മഹോത്സവത്തിൽ പങ്കെടുക്കാൻ കേന്ദ്ര മന്ത്രി സുരേഷ് ഗോപി എത്തി. തവനൂർ മഹാമാഘ മഹോത്സവ വേദിയിൽ മഹാഗണപതി ഹോമത്തിൽ അദ്ദേഹം പങ്കെടുത്തു.

✪✪✪

ഇന്ന് ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനം. കുഷ്ഠരോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും, നേരത്തെ രോഗ നിർണയവും ചികിത്സയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് എല്ലാ വർഷവും ജനുവരി 30 ദേശീയ കുഷ്ഠരോഗ നിർമാർജ്ജന ദിനമായി ആചരിക്കുന്നത്.

രാജ്യമെമ്പാടും ഇതിന്റെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്നുകൾ സംഘടിപ്പിക്കുന്നുണ്ട്.

✪✪✪

രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ ബദൽ വികസന പരിപ്രേക്ഷ്യത്തിന് കരുത്തുപകരുന്നതാണ് സംസ്ഥാന ബജറ്റെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ളതും വെല്ലുവിളികളെ അതിജീവിക്കാൻ ശേഷിയുള്ളതുമായ നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളതെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

സംസ്ഥാന ബജറ്റ് സാമൂഹിക വികസനത്തിനും അടിസ്ഥാന സൗകര്യ, വ്യവസായ മേഖലകൾക്കും ഊന്നൽ നൽകുന്നതാണെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ V.P നന്ദകുമാർ പറഞ്ഞു. തിരുവനന്തപുരം മുതൽ അങ്കമാലി വരെ MC റോഡ് വികസനത്തിന് 5,217 കോടി രൂപ അനുവദിച്ചത് ദീർഘകാല ആവശ്യത്തിനുള്ള അംഗീകാര മാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സാമൂഹിക സുരക്ഷക്കും ക്ഷേമപദ്ധതികൾക്കും ഊന്നൽ നൽകിയ സംസ്ഥാന ബജറ്റ് ഗവൺമെന്റിന്റെ ജനകീയ സമീപനം വ്യക്തമാക്കുന്നതായി കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി വിലയിരുത്തി. അതേസമയം ക്ഷേമ പ്രഖ്യാപനങ്ങൾ വർധിക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ദുർബലമാകുന്നുവെന്ന ആശങ്ക ശക്തമാണെന്നും ചേംബർ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

കണ്ണൂർ പിണറായിൽ ഒരാഴ്ചത്തെ മെഗാ മേളയായ 'പിണറായിപ്പെരുമ' ഞായറാഴ്ച ആരംഭിക്കുമെന്ന് സംഘാടകർ അറിയിച്ചു. മന്ത്രി എം ബി രാജേഷ് മേള ഉദ്ഘാടനം ചെയ്യും. ഇതോടാനുബന്ധിച്ച് 'പെരുമ ടോക്ക്സ് ' എന്ന പരിപാടിയിൽ ബഹിരകാശ സഞ്ചാരി ശുഭാം ശു ശുക്ല, നാവികൻ അഭിലാഷ് ടോമി, മുൻ ISRO ചെയർമാൻ എസ് സോമനാഥ്, മുൻ ലോങ്ങ് ജംപ് താരം അഞ്ജു ബോബി ജോർജ് തുടങ്ങിയവർ പങ്കെടുക്കും.

സമാപന സമ്മേളനം ഏഴിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ- ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം നാളെ തിരുവനന്തപുരത്ത്. വൈകിട്ട് 7-ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് പോരാട്ടം.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്..

........വോയ്സ്.......

വീണ്ടുമൊരു കുട്ടിക്രിക്കറ്റ് പ്പോരിന് കാര്യവട്ടം വേദിയാകുന്ന സന്തോഷത്തിലാണ് തലസ്ഥാന നാഗരിയിലെ കായിക പ്രേമികൾ. ആദ്യ മൂന്ന് മത്സരങ്ങൾ ജയിച്ച് പരമ്പര സ്വന്തമാക്കിയ ഇന്ത്യയ്ക്ക് നാലാം മത്സരത്തിൽ

തോൽവി വഴങ്ങേണ്ടി വന്നു. എന്നാൽ അവസാന മത്സരം ജയിച്ച് അധികാരികമായി കപ്പ് ഉയർത്താനാകും ടീം ഇന്ത്യയുടെ ശ്രമം.

സൂര്യ കുമാർ യാദവ് നയിക്കുന്ന ടീമിലെ മലയാളി താരം സഞ്ജു സാംസന്റെ സാന്നിധ്യം തിരുവനന്തപുരത്തെ കായികപ്രേമികളിൽ കൂടുതൽ ആവേശം നിറയ്ക്കും.മത്സരത്തിനായി ഇന്നലെ തിരുവനന്തപുരം വിമാനതാവളത്തിൽ എത്തിയ ഇന്ത്യ ന്യൂസിലാൻഡ് ടീമുകൾക്ക് ഊഷ്മളമായ വരവേൽപ്പാണ് കെ സി എയും ആരാധകരും നൽകിയത്.

അതേ സമയം മത്സരത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളും ഗതാഗതാ നിയന്ത്രണവുമാണ് അധികൃതർ ഏർപ്പെടുത്തിയിരിക്കുന്നത്.

കാണികൾക്കായി കാര്യവട്ടത്ത് വിപുലമായ പാർക്കിംഗ് സൗകര്യവും കെ സി എ ഒരുക്കിയിട്ടുണ്ട്. നാളെ ഉച്ചയ്ക്ക് 2 മണി മുതൽ സ്റ്റേഡിയം പരിസരത്ത് കർശന നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുമെന്ന് കെ സി എ അറിയിച്ചിട്ടുണ്ട്

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, UP വാരിയേഴ്സിനെ എട്ടുവിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

ദേശീയ കബഡി താരവും CISF ഉദ്യോഗസ്ഥനുമായിരുന്ന വി ശ്രീനിവാസന്റെ സംസ്കാരം വൈകീട്ട് പയ്യോളിയിലെ വീട്ടുവളപ്പിൽ നടത്തും. രാജ്യസഭാംഗവും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡണ്ടുമായ P.T ഉഷയുടെ ഭർത്താവാണ് ശ്രീനിവാസൻ. ഇന്നലെ രാത്രി വൈകിയായിരുന്നു ശ്രീനിവാസന്റെ അന്ത്യം. നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പിടി ഉഷയെ ഫോൺ വിളിച്ച് നേരിട്ട്  അനുശോചനം അറിയിച്ചു.

✪✪✪

കേരളത്തിലെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന EMS  നമ്പൂതിരിപ്പാടിന്റെ സ്മരണാർത്ഥം 'EMS സ്മൃതി' ഫെബ്രുവരി നാലിന്  മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നിയമസഭയിലെ G. കാർത്തികേയൻ മ്യൂസിയത്തിലാണ്  EMS സ്മൃതി സജ്ജമാക്കിയിരിക്കുന്നത്.

✪✪✪

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന മാധ്യമ ദിനാഘോഷത്തിന് തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ തുടക്കമായി. മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ 'സംഘർഷഭൂമിയിലെ റിപ്പോർട്ടിങ്' എന്ന വിഷയത്തിൽ അന്താരാഷ്ട്ര മാധ്യമപ്രവർത്തക അഞ്ജന ശങ്കർ സംസാരിക്കും.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ കർഷക കടാശ്വാസ കമ്മീഷൻ അടുത്ത മാസം 5 ന് വിവിധ ജില്ലകളിൽ സിറ്റിംഗ് നടത്തും. തിരുവനന്തപുരം ജില്ലയിലെ സിറ്റിംഗ് നേരിട്ടും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ സിറ്റിംഗ് ഓൺലൈനായും നടത്തും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സിയാബ് ടിപി*
*NRTs:, ഫസ്ന ഫാത്തിമ , നിമിഷ ജി,*
*DEO : സി കെ സുബോധ്*